"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 - കണ്ണൂർ ജില്ലയിലെ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ കൊളവല്ലൂർ എജ്യൂക്കേഷൻ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കണ്ണങ്കോട് ടിപിജിഎം യുപി സ്കൂളിന്റെ (എയ്ഡഡ് സ്കൂൾ) കെട്ടിട നിർമ്മാണം - ചട്ടം 3(4)(b) പ്രകാരം ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2025/LSGD തീയതി, തിരുവനന്തപുരം, 03-05-2025

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 21-03-2025-ലെ LSGD/PD/43801/2024-TCPA1 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ കൊളവല്ലൂർ വില്ലേജിലെ റീ.സ നമ്പർ 67/215, 67/139 ൽ പെട്ട കൊളവല്ലൂർ എജ്യൂക്കേഷൻ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കണ്ണങ്കോട് ടിപിജിഎം യുപി സ്കൂളിന്റെ (എയ്ഡഡ് സ്കൂൾ) കെട്ടിടത്തിന് ഇളവ് അനുവദിക്കുന്നതിന് മാനേജിംഗ് ട്രസ്റ്റി ശ്രീ. സന്തോഷ് എം.കെ നൽകിയിരുന്ന അപേക്ഷ പരാമർശ പ്രകാരം ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിട്ടുണ്ട്.

2) പ്രസ്തുത പ്ലോട്ടിൽ നിലവിൽ ചുവടെപ്പറയുന്ന 3 കെട്ടിടങ്ങളാണുള്ളതെന്നും

- ബിൽഡിംഗ് 1 - ഗ്രൗണ്ട് + ഫസ്റ്റ് ഫ്ലോർ നിലവിലുണ്ട്. പ്രൊപ്പോസ്ഡ് ഓപ്പൺ സ്റ്റെയർ നിർമ്മിച്ചിട്ടില്ല.
- ബിൽഡിംഗ് 2 - ഒക്യുപൻസി ലഭിച്ച ഗ്രൗണ്ട് + ഫസ്റ്റ് ഫ്ലോറും സ്ട്രക്ചറൽ വർക്ക് പൂർത്തിയായ സെക്കന്റ് ഫ്ലോറും നിലവിലുണ്ട്.
- ബിൽഡിംഗ് 3 - ലോവർ ഗ്രൗണ്ട് + ഗ്രൗണ്ട് + ഫസ്റ്റ് + സെക്കൻഡ് + സ്റ്റെയർ നിലകളിലായി നിർമ്മാണം സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്.

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ 27(2) കവറേജ്, 26(4), (6) ഓപ്പൺ സ്പേസ്, ചട്ടം 26(10)-ന്റെ രണ്ടാമത് പ്രൊവൈസോ എന്നിവയ്ക്കാണ് ഇളവ് ആവശ്യമായി വരുന്നതെന്നും പരാമർശ പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**1) KPBR 2019, ചട്ടം 27(2) കവറേജ്**

ടി ചട്ടപ്രകാരം പരമാവധി അനുവദനീയമായ കവറേജ് 35% ആണ്. പുതിയ Stair, toilet എന്നിവയുടെ നിർമ്മാണം വരുന്നതിനാൽ കവറേജ് 36.64% ആയി വർദ്ധിക്കുന്നുണ്ടെന്നും അതനുസരിച്ച് covered area യിൽ 32.88 ച.മീ കൂടുതൽ നിർമ്മാണം വരുന്നുണ്ട്. ചട്ട പ്രകാരം അനുവദനീയമായ പരമാവധി കവറേജിൽ നിന്ന് കേവലം 1.6% മാത്രമേ വർദ്ധിക്കുന്നുള്ളുവെന്നതും അത് സ്റ്റെയർ, ടോയിലറ്റ് എന്നീ അനിവാര്യനിർമ്മാണങ്ങൾ കൊണ്ടാണെന്നതും പരിഗണിക്കുമ്പോൾ പ്രസ്തുത ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശ പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) KPBR, 2019 ചട്ടം26(4), (6) ഓപ്പൺ സ്പേസ്

A. <u>ഫ്രണ്ട് യാർഡ് (Building -2)</u>

773.49 $m^2$ ബിൽറ്റ്-അപ്പ് ഏരിയയും 11.25 m ഉയരവുമുള്ള Building 2 - വിദ്യാഭ്യാസക്കെട്ടിടത്തിന് (Group-B) മുൻവശത്ത് ചട്ടപ്രകാരം മിനിമം ഓപ്പൺ യാർഡ് 5.00 m ആവശ്യമാണെങ്കിലും പ്ലോട്ടിൽ 4.12 m മാത്രമേ ലഭിക്കുന്നുള്ളൂ. എന്നാൽ, ചട്ടപ്രകാരം മുൻവശത്ത് ശരാശരി ഓപ്പൺ സ്പേസ് 6.50 m മതിയെങ്കിലും അതിൽ കൂടുതൽ ലഭിക്കുന്നുണ്ട്. ചട്ടപ്രകാരം ആവശ്യമായ മിനിമം ഓപ്പൺ സ്പേസിൽ കുറവ് വന്നിട്ടുള്ളത് കെട്ടിടത്തിന്റെ ആകെ നീളത്തിന്റെ ഒരു ഭാഗത്ത് മാത്രമാണെന്നതും മുൻവശത്തെ മറ്റ് ഭാഗങ്ങളിൽ കെട്ടിടങ്ങൾ തമ്മിൽ ചട്ടപ്രകാരം 2.0m അകലം മതിയെങ്കിലും ആയത് 3.30m-ൽ കൂടുതൽ ലഭ്യമാണെന്നതും പരിഗണിച്ചും നിർമ്മാണം ഇതിനകം നടന്നു പോയിട്ടുള്ളതും ടി കെട്ടിടം High Rise Buildings വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്നതും പ്രവേശനവഴിയോട്ട ചേർന്ന സൈഡ് യാർഡ് 1 ൽ ചട്ടപ്രകാരം ആവശ്യമായതിനേക്കാൾ സ്ഥലം ഉണ്ടെന്നുള്ളതും കണക്കിലെടുത്ത് ചട്ടം 26(4)(6)-ൽ (മുൻ വശത്തെ ഓപ്പൺ സ്പേസ്) ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശപ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

B. <u>സൈഡ് യാർഡ് 2 (Building -2)</u>

കെട്ടിടത്തിന്റെ Side-2 ഭാഗത്ത് (തെക്ക വശം) ഏറ്റവും കുറഞ്ഞത് 2.0m ഓപ്പൺ സ്പേസ് ആവശ്യമായതിൽ ടോയിലറ്റിന്റെ ഭാഗത്ത് 0.40m മാത്രമേ ലഭിക്കുന്നുള്ളു. മറ്റ് ഭാഗങ്ങളിലും 0.50m 0.68m, 0.80, 1.08m, 1.32m, 1.92m എന്നിങ്ങനെ കുറഞ്ഞ അളവുകൾ മാത്രമേ ലഭിക്കുന്നുള്ളു. അതേ പോലെ ചട്ടപ്രകാരം ശരാശരി സൈഡ് ഓപ്പൺ യാർഡ് 2.50m ആവശ്യമാണെങ്കിലും പ്ലോട്ടിൽ ആയത് 1.04 m മാത്രമേ ലഭിക്കുന്നുള്ളു. ഇപ്രകാരം ആവശ്യമായ അളവുകൾ ലഭിക്കാത്തത് സ്ഥിരമായി പ്രവേശനം ആവശ്യമില്ലാത്ത പിൻവശത്താണെന്നതും താഴത്തെ രണ്ട് നിലകൾക്ക് ഇതിനകം കെട്ടിടനമ്പർ ലഭ്യമായിട്ടുള്ളതും ക്രമവൽക്കരണം ആവശ്യമുള്ളത് മൂന്നാം നിലയിൽ മാത്രമാണെന്നതും ടി കെട്ടിടം High Rise Buildings വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്നതും കെട്ടിടത്തിലെ വരാന്തയും Fire escape stair-ഉം മുൻഭാഗത്താണെന്നതും കെട്ടിടത്തിന്റെ കിഴക്ക വശത്തു കൂടിയും വീതി കുറഞ്ഞ പ്രസ്തുതസ്ഥലത്തേക്ക് എത്തിച്ചേരാൻ കഴിയുമെന്നുള്ളതും പരിഗണിച്ച് ചട്ടം 26(4), (6) എന്നിവയിൽ (പാർശ്വവശത്തെ ഓപ്പൺ സ്പേസ്) ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശ പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. ചട്ടം 26(10)-ന്റെ രണ്ടാമത് പ്രൊവൈസോ

ചട്ടപ്രകാരം കുറഞ്ഞത് 60cm ഓപ്പൺ സ്പേസ് ലഭിക്കുന്ന വശങ്ങളിൽ ഫ്ലോർ ലെവലിൽ നിന്ന് 2.1 മീറ്റർ ഉയരത്തിൽ മാത്രമേ വെന്റിലേറ്ററുകൾ അനുവദനീയമായിട്ടുള്ളൂ. ബിൽഡിംഗ് (2) കെട്ടിടത്തിൽ തെക്ക് ഭാഗത്തുള്ള ടോയ് ലെറ്റുകളുടെ കാര്യത്തിൽ പ്രസ്തുതചട്ടത്തിന്റെ ലംഘനമുണ്ട്. നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ, ഭിന്നശേഷിക്കാരുടെ ടോയ് ലെറ്റിലെ വെന്റിലേറ്റർ കിഴക്ക് വശത്തേക്ക് മാറ്റണമെന്നും അടുത്ത പ്ലോട്ടിലുള്ളവർക്ക് ബുദ്ധിമുട്ടൊഴിവാക്കുവാൻ വെൻറിലേറ്ററുകൾ ഫ്ലോർ ലെവലിൽ നിന്നും 2.10m ഉയരത്തിന് മുകളിൽ നൽകണമെന്നും നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ട് ചട്ടം 26(10)-ന്റെ രണ്ടാം പ്രൊവൈസോയിൽ ഇളവ് നൽകാവുന്നതാണെന്ന് പരാമർശപ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ കൊളവല്ലൂർ വില്ലേജിലെ റീ.സ നമ്പർ 67/215, 67/139 ൽ പെട്ട കൊളവല്ലൂർ എജ്യുക്കേഷൻ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കണ്ണങ്കോട് ടിപിജിഎം യുപി സ്കൂളിൽ (എയ്ഡഡ് സ്കൂൾ) ഏകദേശം 900 കുട്ടികൾ പഠിക്കുന്നുണ്ടെന്നും പാനൂർ സബ് ജില്ലയിലെ നല്ല നിലവാരം പുലർത്തുന്ന ഒരു എയ്ഡഡ് സ്കൂൾ ആണെന്നും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി കുട്ടികൾക്ക് സൗകര്യപ്രദമായ വിധത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് പി.ടി.എയും മാനേജ് മെന്റും തീരുമാനിച്ചതിന്റെ ഭാഗമായാണ് സ്കൂളിൽ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതും ടി യു.പി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ഇതിനകം ഏറെക്കുറേ പൂർത്തീകരിച്ച് കഴിഞ്ഞതാണെന്നതും നാട്ടിൻപുറത്തെ കുട്ടികൾ ആശ്രയിക്കുന്ന ഒരു പൊതുവിദ്യാഭ്യാസക്കെട്ടിടം ആണെന്നതും പരിഗണിച്ച്, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ (KPBR, 2019) ചട്ടം 3(4)(b) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ടി ചട്ടങ്ങളുടെ ചട്ടം 27(2) കവറേജ്, ചട്ടം 26(4), (6) ഓപ്പൺ സ്പേസ്, ചട്ടം 26(10)-ന്റെ രണ്ടാമത് പ്രൊവൈസോ എന്നിവയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

1. സർക്കാരിൽ നിന്നും KPBR, 2019 ചട്ടം 3(4)(b) പ്രകാരം ഇളവ് അനുവദിച്ചു നൽകുന്ന ചട്ടം 27(2) കവറേജ്, ചട്ടം 26(4), (6) ഓപ്പൺ സ്പേസ്, ചട്ടം 26(10)-ന്റെ രണ്ടാമത് പ്രൊവൈസോ എന്നിവ ഒഴികെ മറ്റ് എല്ലാ കെട്ടിടനിർമ്മാണചട്ടങ്ങളും (Urban Forestry, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ, ഭൂജല പോഷണസംവിധാനം, മഴവെള്ളസംഭരണി, മാലിന്യസംസ്കരണം എന്നിവ ഉൾപ്പെടെ) പാലിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തി മാത്രമേ ബിൽഡിംഗ് പെർമിറ്റ്/ ഒക്യുപൻസി അനുവദിക്കാവൂ.
2. കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി KPBR 2019 പ്രകാരം പ്രത്യേകം അപേക്ഷ നൽകി സെക്രട്ടറിയിൽ നിന്ന് അനുമതി വാങ്ങേണ്ടതാണ്. KPBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും, വിസ്തീർണം, റീ.സ.നമ്പർ, ഉടമസ്ഥാവകാശം, സ്ഥലത്ത് അപേക്ഷകനുള്ള നിർമ്മാണാവകാശം, ഭൂമിയുടെ തരം, നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും സ്ഥലത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(b) പ്രകാരം വിജ്ഞാപനം ചെയ്തതല്ല എന്നും

രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

3. KPBR 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ആവശ്യമായ അനുമതികൾ/NOC, ചട്ടം 30 പ്രകാരം ജില്ല ടൗൺ പ്ലാനറിൽ നിന്നുള്ള ലേ ഔട്ട് അംഗീകാരം എന്നിവ ലഭ്യമാക്കി മാത്രമേ ബിൽഡിംഗ് പെർമിറ്റ്, ഒക്യുപൻസി എന്നിവ അനുവദിക്കാവൂ.
4. സ്ഥലത്ത് നിലവിലുള്ളതായി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നമ്പർ, വിസ്തീർണ്ണം, മേൽ കെട്ടിടങ്ങൾ പഞ്ചായത്ത് രേഖകൾ പ്രകാരം അംഗീകൃതമാണോ മുതലായവ സെക്രട്ടറി രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ/കെട്ടിടഭാഗങ്ങൾ KPBR, 2019 ചട്ടം 95(4) പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുകയോ അല്ലാത്തവ പൊളിച്ചു മാറ്റുകയോ ചെയ്യേണ്ടതാണ്.
5. സ്കൂൾ കെട്ടിടമായതിനാൽ കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി, ഫയർ എസ്കേപ്പ് സ്റ്റെയർ ഉൾപ്പെടെ എല്ലാ സ്റ്റെയറും മേൽക്കൂരയോട് കൂടിയും സുരക്ഷിതമായ വിധത്തിലുള്ള stable staircases (Concrete, Stone, Brick, etc.) ആയും നിർമ്മിക്കേണ്ടതാണ്.
6. സമർപ്പിച്ച പ്ലാൻ പ്രകാരം പൊളിക്കുന്നതായി കാണിച്ച കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതാണ്. മറ്റ് ചട്ടലംഘനങ്ങൾ ഒഴിവാക്കുന്നതിനായി കാണിച്ചിട്ടുള്ള നിർമ്മാണങ്ങൾ പ്ലാനിൽ കാണിച്ച പ്രകാരം നിർമ്മിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ക്രമവൽക്കരിക്കുന്നതിന് മുൻപ് ഉറപ്പ് വരുത്തേണ്ടതാണ്.
7. ബിൽഡിംഗ് (2) കെട്ടിടത്തിന്റെ കാര്യത്തിൽ ഭിന്നശേഷിക്കാരുടെ ടോയ്‌ലെറ്റിലെ വെന്റിലേറ്റർ കിഴക്ക് വശത്തേക്ക് മാറ്റേണ്ടതാണ്. പിറകു വശത്ത് അതിരിൽ നിന്നും ഒരു മീറ്റർ ഓപ്പൺ യാർഡ് ലഭ്യമല്ലാത്ത മറ്റ് ടോയ് ലെറ്റുകളുടെ കാര്യത്തിൽ അടുത്ത പ്ലോട്ടിലുള്ളവർക്ക് ബുദ്ധിമുട്ടൊഴിവാക്കുവാൻ വെന്റിലേറ്ററുകൾ ഫ്ലോർ ലെവലിൽ നിന്ന് 2.10m ഉയരത്തിന് മുകളിൽ നൽകേണ്ടതാണ്.
8. അനുമതി വാങ്ങാതെയും കെട്ടിടനിർമ്മാണച്ചട്ടങ്ങൾ ലംഘിച്ചു കൊണ്ടും സ്കൂൾ അധികൃതർ അനധികൃതമായി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് ഭാവിയിൽ യാതൊരു കാരണവശാലും ആവർത്തിക്കരുത്. അത്തരം അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത് സെക്രട്ടറി അതിനെതിരെ ചട്ടപ്രകാരമുള്ള നടപടി സത്വരം കൈക്കൊള്ളേണ്ടതും അക്കാര്യം അടിയന്തരമായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ജില്ല ടൗൺ പ്ലാനർ, കണ്ണൂർ

സെക്രട്ടറി, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ശ്രീ സന്തോഷ് എം കെ, മാനേജിംഗ് ട്രസ്റ്റി, കൊളവല്ലൂർ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്, ടി.പി.ജി.എം.യു.പി. സ്കൂൾ, കണ്ണങ്കോട് (എയിഡഡ്) പി.ഒ. തുവക്കുന്നു, കണ്ണൂർ - 670693

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

Date: 03-05-2025 17:55:26

സെക്ഷൻ ഓഫീസർ